(ഇ) പരമാവധി ഒരു ലക്ഷം രൂപവരെയുള്ള കാർഷിക വായ്പകൾ അംഗങ്ങളുടെ പരസ്പര ജാമ്യത്തിന്മേൽ വിതരണം ചെയ്യാവുന്നതാണ്. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ 3 ലക്ഷം രൂപവരെയുള്ള കാർഷിക വായ്പകൾ വസ്തു ജാമ്യത്തിന്മേലോ രണ്ടിൽ കുറയാത്ത സർക്കാർ ഉദ്യോഗസ്ഥരുടെയും ശമ്പള സർട്ടിഫിക്കറ്റ് ജാമ്യമായി സ്വീകരിച്ച് വായ്പ നൽകാവുന്നതാണ്. സംഘങ്ങൾ/ ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ/ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ എന്നിവയിൽ നിന്നും വിതരണം ചെയ്യുന്ന മൂന്ന് ലക്ഷം രൂപയിൽ അധികരിച്ച കാർഷികവും കാർഷികേതരവുമായ എല്ലാത്തരം വായ്പകളും വസ്തു ഈടിന്മേലും മതിയായ ജാമ്യത്തിന്മേലും മാത്രമേ നൽകാവുള്ളൂ. നബാർഡ് ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കാർഷിക ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് നബാർഡ് മുഖേന നൽകുന്ന 3% സബ്വെൻഷനോടൊപ്പം സംസ്ഥാന സർക്കാരിന്റെ പരമാവധി 5% സബ്സിഡി വിഹിതം കൂടി നൽകി പൂർണ്ണമായും പലിശ രഹിത വായ്പയായി നൽകുന്നതിന് ഉത്തേജന പലിശയിളവ് പദ്ധതി നിലവിലുണ്ട്. കൂടാതെ നെൽകൃഷിക്ക് പരിധി കണക്കിലെടുക്കാതെ പലിശ രഹിത വായ്പയും നൽകിവരുന്നു.

(എഫ്) സഹകരണ വകുപ്പിലെ ഇൻസ്പെക്ടർമാർ/ഓഡിറ്റർമാർ കാലാകാലങ്ങളിൽ സംഘം പരിശോധനയും ഓഡിറ്റും നടത്തി സബ്സിഡി വായ്പകൾ കർഷകർക്ക് തന്നെയാണ് ലഭിക്കുന്നതെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. ഇതുസംബന്ധിച്ച് പരാതി ലഭിക്കുകയാണെങ്കിൽ അതിന്മേൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നുണ്ട്.

ഹ്രസ്വകാല പലിശ രഹിത കാർഷിക വായ്പ

79 (7915) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ഫണ്ടുപയോഗിച്ച് സഹകരണ ബാങ്കുകൾ നൽകുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ പലിശ രഹിത വായ്പയായി കണക്കാക്കുന്ന പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഈ പദ്ധതി ആരംഭിച്ച ശേഷം എത്ര കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതി പ്രകാരമുള്ള വായ്പ അനുവദിക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ ?

ഉത്തരം

(എ) നബാർഡ് ഫണ്ടുപയോഗിച്ച് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കാർഷിക ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതം കൂടി നൽകി പൂർണ്ണമായും പലിശ രഹിത വായ്പയായി നൽകുന്നതിനുള്ള പദ്ധതി ഇപ്പോഴും തുടരുന്നുണ്ട്.

(ബി) ഈ പദ്ധതി ആരംഭിച്ച ശേഷം 24,780 കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

(സി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ, കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്കാണ് പലിശ സബ്സിഡി നൽകുന്നത്. രണ്ട് ഹെക്ടർ വരെ ഭൂമി കൈവശമുള്ള ചെറുകിട/നാമമാത്ര കർഷകരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.

പ്രാഥമിക സർവ്വീസ് സഹകരണസംഘങ്ങളുടെ ആധുനികവൽക്കരണം

80 (7916) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണസംഘങ്ങളുടെ ആധുനികവൽക്കരണത്തിന് സഹകരണ വകുപ്പിൽനിന്ന് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ് ;

(ബി) പ്രാഥമിക സഹകരണസംഘങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിന് സഹായം ഏത് ഏജൻസി വഴിയാണ് നടപ്പിലാക്കുന്നത് ?

ഉത്തരം

(എ) സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 2012-13 സാമ്പത്തിക വർഷം മുതൽ സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly